# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *84

30/06/2015-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യ പ്രശ്നങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ വൃത്തിഹീനമായ സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വ നിലവാരത്തെക്കുറിച്ച് സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിശോധനകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) സേഫ് കേരളാ പരിപാടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 22/07/2014-ലും 23/02/2015-ലും ഇതര ദേശക്കാരായ തൊഴിലാളികളുടെ ജോലി സ്ഥലങ്ങളിലും താമസ സ്ഥലങ്ങളിലും പ്രത്യേക പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയുടെ ഭാഗമായി ടി തൊഴിലാളികളുടെ രക്ത സാമ്പിളുകൾ മലമ്പനി പരിശോധനയ്ക്ക് വിധേയമാക്കി. അനാരോഗ്യകരമായ ചുറ്റുപാടുകൾ കണ്ടെത്തിയ ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. തീരെ മോശമായ സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്ന ക്യാമ്പുകൾ അടച്ചു പൂട്ടുകയുണ്ടായി. നോട്ടീസ് കൊടുത്തതോ, അടച്ചു പൂട്ടിയതോ ആയ കേന്ദ്രങ്ങളിൽ വീണ്ടും പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സുരക്ഷാ കേരളം പ്രോഗ്രാമിന്റെ ഭാഗമായും അല്ലാതെയും |

അതാത് പ്രദേശത്തെ ഫീൽഡ് വർക്കർമാരും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും തൊഴിൽ സ്ഥലങ്ങളിലും സന്ദർശനം നടത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വമില്ലായ്മ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സി) ഉണ്ട്. ഇതര ദേശക്കാരായ തൊഴിലാളികളുടെ അടിസ്ഥാന ശുചിത്വമില്ലായ്മ നിമിത്തം താമസ സ്ഥലത്തിനടുത്തുള്ള ജല സ്രോതസ്സുകൾ മലിനമാകുന്നതായി പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അതീവ വൃത്തിഹീനമായതും ഇടുങ്ങിയതുമായ സ്ഥലങ്ങളിൽ താമസിപ്പിക്കുന്നത് ഇവരുടെ ആരോഗ്യത്തെ നേരിട്ട് ബാധിക്കും. പ്രസ്തുത പരിശോധനയിൽ മന്ത്, മലമ്പനി തുടങ്ങിയ പകർച്ച വ്യാധികൾ ഉള്ള ആളുകളേയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**